**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3777** **12-03-2025 - ൽ മറുപടിയ്ക്ക്**

**പാലിൽ നിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്, ശ്രീ. ഐ. സി. ബാലകൃഷ്ണൻ, ശ്രീ. ടി. സിദ്ദിഖ്, ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീമതി ജെ ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | പാൽ വില്പനയിലൂടെ ദൈനംദിന വരുമാനം കണ്ടെത്തുന്ന നിരവധി കുടുംബങ്ങൾ വനയോര മേഖലയിലുൾപ്പെടെ ഉണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>വനയോരമേഖലകൾ ഉൾപ്പെടെയുള്ള ലയങ്ങളിലെ തോട്ടം തൊഴിലാളികൾക്കുമാത്രമായി 'ക്ഷീരലയം' എന്ന പദ്ധതി വകുപ്പ് വിഭാവനം ചെയ്തിരിക്കുന്നു. 2024-25 സാമ്പത്തിക വർഷം പൈലറ്റ് പ്രോജക്ടായി ആരംഭിച്ചതും ഒരു യൂണിറ്റിന് 11 ലക്ഷം രൂപ ധനസഹായം നൽകുന്നതുമായ പ്രസ്തുത പദ്ധതി കമ്മ്യൂണിറ്റി ക്യാറ്റിൽ ഷെഡിൽ 10 പശുക്കളെ വളർത്തുന്നതിനുള്ളതാണ്.<br><br>ഇടുക്കി, വയനാട് പോലുള്ള ജില്ലകളിൽ പ്രത്യേക ഡയറി പാക്കേജ് വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. കൂടാതെ, വന്യമൃഗങ്ങളെയും പ്രകൃതി ദുരന്തങ്ങളെയും അതിജീവിക്കുന്നതിനാവശ്യമായ പദ്ധതികളുടെ പ്രൊപ്പോസൽ ക്ഷീരവികസന വകുപ്പ് തയ്യാറാക്കി വരുന്നു.<br><br>മലയോര മേഖലകളിലും മിൽമയുടെ പ്രാഥമിക ക്ഷീരസംഘങ്ങൾ പ്രവർത്തിച്ചു വരികയും ക്ഷീരകർഷകർക്കായി വിവിധ ആനുകൂല്യങ്ങൾ നൽകി വരികയും ചെയ്യുന്നു. പാലക്കാട് (നെല്ലിയാമ്പതി, അട്ടപ്പാടി), വയനാട്, ഇടുക്കി, പത്തനംതിട്ട ജില്ലകൾ പോലെയുള്ള പ്രധാനപ്പെട്ട മലയോര മേഖലകളിലും കേരളത്തിലെ പ്രാഥമിക ക്ഷീരസംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. |
| (ബി) | പാലിൽനിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | പാലിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി Assistance to Joint Liability Group for Manufacturing and Marketing of Value Added Products & Bio inputs എന്ന ഘടക പദ്ധതി വകുപ്പിന്റെ പ്രധാന പദ്ധതിയായ ഗ്രാമീണവിജ്ഞാന വ്യാപന പ്രവർത്തനങ്ങളും |

| | | | |
|---|---|---|---|
| | | | ഉപദേശക സർവ്വീസസിലും ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. 2024-25 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയ്ക്കായി 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതു കൂടാതെ പാലിൽനിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനവും നിർദ്ദേശങ്ങളും മറ്റ് സഹായ സഹകരണങ്ങളും ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ക്ഷീരപരിശീലന കേന്ദ്രങ്ങൾ മുഖാന്തിരം നൽകി വരുന്നു.<br><br>കർഷകരിൽ നിന്നും സംഭരിക്കുന്ന പാലിൽ നിന്നും നിർമ്മിക്കുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനത്തിലും വിപണനത്തിലും മിൽമ പ്രത്യേകം ശ്രദ്ധ പുലർത്തുന്നു. മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനവും അടിസ്ഥാന സൗകര്യങ്ങളും എല്ലാ മേഖലാ യൂണിയനുകളിലും സജ്ജമാക്കിയിട്ടുണ്ട്.<br><br>നിലവിൽ നെയ്യ്, തൈര്, സംഭാരം, യോഗർട്ട്, വെണ്ണ, പനീർ, പാലട മിക്സ്, ഫ്ളേവേർഡ് മിൽക്കുകൾ, വിവിധ തരം പേഡകൾ, വിവിധ തരം ഐസ്ക്രീമുകൾ, വ്യത്യസ്തയിനം ഹെൽത്ത് ഡ്രിങ്കുകൾ എന്നിങ്ങനെയുള്ള ഉല്പന്നങ്ങളുടെ ഒരു ശ്രേണി തന്നെ മിൽമയ്ക്കുണ്ട്. ഉപഭോക്താക്കളുടെ അഭിരുചിയും ആവശ്യങ്ങളും മനസിലാക്കുന്നതിനും അതിനനുസരിച്ച് ഗുണമേൻമയുള്ള ഉൽപ്പന്നങ്ങൾ സമയബന്ധിതമായി എത്തിക്കുന്നതിനുമുള്ള സംവിധാനങ്ങളും നിലവിലുണ്ട്. മറ്റു ബ്രാൻഡുകളുമായി കിടപിടിക്കുന്ന രീതിയിൽ വിപണിയിലെ മാറ്റങ്ങൾക്കും ഉപഭോക്താക്കളുടെ മാറുന്ന അഭിരുചിക്കും അനുസൃതമായി ഒട്ടനവധി പുതിയ ഉൽപ്പന്നങ്ങൾ 'റീ-പൊസിഷനിംഗ് മിൽമ' എന്ന ദീർഘകാല പദ്ധതിയുടെ ഭാഗമായി മിൽമ വിപണിയിലെത്തിച്ചിട്ടുണ്ട്. കരിക്കിൻ വെള്ളം അയൽ സംസ്ഥാനങ്ങളിലേക്കും അന്താരാഷ്ട്ര വിപണിയിലേക്കും എത്തിക്കുന്നത് ലക്ഷ്യം വച്ച് അവതരിപ്പിച്ച മിൽമ ടെണ്ടർ കോക്കനട്ട് വാട്ടർ, വ്യവസായ വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനുമായി സഹകരിച്ച്, അവതരിപ്പിച്ച മിൽമ കാഷ്യു വിറ്റ പൗഡർ (ചോക്ലേറ്റ്, പിസ്ത, വാനില ഫ്ളേവറുകളിൽ) എന്നിവ മിൽമ ഏറ്റവും അടുത്ത് വിപണിയിലവതരിപ്പിച്ചിട്ടുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാണ്. |

സെക്ഷൻ ഓഫീസർ